## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 659      11.06.2014 -ൽ മറുപടിക്ക്

**കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>,, കെ. ശിവദാസൻ നായർ :<br>,, ഹൈബി ഈഡൻ :<br>,, എ. പി. അബ്ദുള്ളക്കുട്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) കേരളമൊട്ടാകെ ഒരേ മാതൃകയിൽ 100 കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങൾക്ക പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി പുതിയ മന്ദിരങ്ങൾ നിർമ്മിക്കുവാനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) കേരളത്തിലെ ഇമ്മ്യൂണൈസേഷൻ ലെവൽ കൂട്ടുന്നതിനും റഫറൽ യൂണിറ്റുകളുടെ അധികഭാരം കുറയ്ക്കുന്നതിനും വേണ്ടിയാണ് ഈ പദ്ധതികൾക്ക് രൂപം നൽകിയിരിക്കുന്നത്. |
| (സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഉപകേന്ദ്രങ്ങളിൽ ഒരുക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) ഉപകേന്ദ്രങ്ങളിൽ വെയ്റ്റിംഗ് ഏരിയ, പരിശോധനാ മുറി, ക്ലിനിക്ക് സ്റ്റോർ, ജെ.പി.എച്ച്.എൻ -ന്റെ താമസ സൗകര്യത്തിനായുള്ള മുറികൾ ഇവ ഉൾപ്പെടുന്നു. |
| (ഡി) പദ്ധതി സംബന്ധിച്ച് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) കേരളമൊട്ടാകെ ഒരേ മാതൃകയിൽ 100 ഉപകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ മുഖാന്തിരം നാഷണൽ ഹെൽത്ത് മിഷൻ പഞ്ചായത്തുകളുടെ സഹകരണത്തോടു കൂടി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ നിരവധി സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ